**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടാനാകാത്ത പട്ടികജാതി, പിന്നാക്ക വിഭാഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിദ്യാഭ്യാസത്തിന് അർഹത നേടാനാകാതെ പോയവരിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾ കൂടുതലായി ഉൾപ്പെട്ടിരിക്കുന്നതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസുകളിലും പ്രീമെട്രിക് സ്കൂളുകളിലും എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയത്തിനായി മുന്നൊരുക്കങ്ങൾ വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും പരീക്ഷ എഴുതിയ 691 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ 685 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1557 പേരിൽ 1498 പേരെയും വിജയിപ്പിക്കുവാൻ സാധിച്ചു. എസ്.സി. വിഭാഗത്തിൽ 6 വിദ്യാർത്ഥികളും എസ്.റ്റി. വിഭാഗത്തിൽ 59 വിദ്യാർത്ഥികളും മാത്രമാണ് പരാജയപ്പെട്ടത്. എന്നാൽ പൊതുവിദ്യാലയത്തിലെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം പൊതുവിഭാഗത്തെക്കാൾ കുറവാണെന്നാണ് മനസിലാക്കുന്നത്. ഇതു പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. ഗോത്രബന്ധു, ഗോത്രസാരഥി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാദ്ധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും എം.ആർ.എസുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | വിപുലമായ ശാക്തീകരണ പ്രവർത്തനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഇടയിൽ നടത്തിയിട്ടും ഇത്തരമൊരു സാഹചര്യമുണ്ടായതെങ്ങനെയെന്ന് അന്വേഷിക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസുകളിലും പ്രീമെട്രിക് സ്കൂളുകളിലും എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയത്തിനായി മുന്നൊരുക്കങ്ങൾ വളരെ നേരത്തെതന്നെ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും പരീക്ഷ എഴുതിയ 691 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ 685 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1557 പേരിൽ 1498 പേരെയും വിജയിപ്പിക്കുവാൻ സാധിച്ചു. എസ്.സി. വിഭാഗത്തിൽ 6 വിദ്യാർത്ഥികളും എസ്.റ്റി. വിഭാഗത്തിൽ 59 വിദ്യാർത്ഥികളും മാത്രമാണ് പരാജയപ്പെട്ടത്. എന്നാൽ പൊതുവിദ്യാലയത്തിലെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം പൊതുവിഭാഗത്തെക്കാൾ കുറവാണെന്നാണ് മനസിലാക്കുന്നത്. ഇതു പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. ഗോത്രബന്ധു, ഗോത്രസാരഥി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാദ്ധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും എം.ആർ.എസുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സാഹചര്യം ഭാവിയിൽ ഉണ്ടാകാതിരിക്കാൻ നടപടികൾ ഊർജിതമാക്കുമോ; വിശദമാക്കാമോ? | (സി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള എം.ആർ.എസുകളിലും പ്രീമെട്രിക് സ്കൂളുകളിലും എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയത്തിനായി മുന്നൊരുക്കങ്ങൾ വളരെ നേരത്തെതന്നെ ആരംഭിച്ചിരുന്നു. ഇതിന്റെ ഫലമായി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും പരീക്ഷ എഴുതിയ 691 പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ 685 പേരെയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1557 പേരിൽ 1498 പേരെയും വിജയിപ്പിക്കുവാൻ സാധിച്ചു. എസ്.സി. വിഭാഗത്തിൽ 6 വിദ്യാർത്ഥികളും എസ്.റ്റി. വിഭാഗത്തിൽ 59 വിദ്യാർത്ഥികളും മാത്രമാണ് പരാജയപ്പെട്ടത്. എന്നാൽ പൊതുവിദ്യാലയത്തിലെ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിജയശതമാനം പൊതുവിഭാഗത്തെക്കാൾ കുറവാണെന്നാണ് മനസിലാക്കുന്നത്. ഇതു പരിഹരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. ഗോത്രബന്ധു, ഗോത്രസാരഥി, സാമൂഹ്യപഠനമുറി, പഠനമുറി എന്നീ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ മാനസിക ശേഷി വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനം സാദ്ധ്യമാക്കുന്നതിനുമായി ഹോസ്റ്റലുകളിലും |

| | | | |
|---|---|---|---|
| | | | എം.ആർ.എസുകളിലും സ്റ്റുഡന്റ്സ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ